


# കേരള റവന്യൂ ഘടനയിലെ പ്രാദേശിക അസന്തുലിതത്വം

കവർ സ്റ്റോറി / അനസ് വളാഞ്ചേരി

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. സാമ്രാജ്യത്വ ശക്തികളുടെ ആധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയ നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യാനന്തരം ജനാധിപത്യ ഫെഡറൽ റിപബ്ലിക്കൻ ഭരണം വിഭാവനം ചെയ്യുകയും ജനാധിപത്യം, സാമൂഹിക നീതി എന്നിവ പൂർണാർഥത്തിൽ പുലരണമെങ്കിൽ അധികാര വികേന്ദ്രീകരണം അത്യന്താപേക്ഷിതമാണെന്നു കണ്ട് രാജ്യത്തെ സംസ്ഥാനങ്ങൾ, ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ എന്ന ക്രമത്തിൽ വിഭജിക്കുകയും ചെയ്തു. സംസ്ഥാന പുനഃസംഘടനാ കമീഷന്റെ ശിപാർശ പ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടതിനെ തുടർന്ന് 1956 നവംബർ ഒന്നിന് കേരളം രൂപംകൊണ്ടു. തിരുവിതാംകൂറും കൊച്ചിയും ഉൾപ്പെടുന്ന തിരുകൊച്ചിയും മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറും ദക്ഷിണ കാനറയുടെ ഭാഗമായിരുന്ന കാസർകോടും ചേർത്താണ് കേരളം രൂപീകരിച്ചത്. തെക്കൻ കേരളത്തിന്റെ നെല്ലറയായിരുന്ന നഞ്ചനാടും മലബാർ ജില്ലയുടെ ഭാഗമായിരുന്ന ഗൂഡല്ലൂരും കൂർഗും കേരളത്തിന്റെ നഷ്ടപ്രദേശങ്ങളാണ്. മാഹിയും ലക്ഷദ്വീപും കേന്ദ്രഭരണപ്രദേശങ്ങളായിത്തീരുകയും ചെയ്തു.

ഐക്യകേരളം രൂപംകൊള്ളുന്നതിനു മുമ്പ് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, മലബാർ എന്നീ അഞ്ച് ജില്ലകളാണ് ഉണ്ടായിരുന്നത്. 1957 ജനുവരി ഒന്നിന് മലബാറിനെ പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളാക്കി വിഭജിച്ചു. തുടർന്ന് കേരളത്തിൽ ഭരണസൗകര്യാർഥം 1984 വരെ പുതിയ ജില്ലകൾ രൂപീകരിക്കപ്പെട്ടുകൊണ്ടിരുന്നു. വിവിധ കാലങ്ങളിൽ പുതിയ താലൂക്കുകൾ, വില്ലേജുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ എന്നിവയും രൂപീകരിച്ചു. ഓരോ ഭൂപ്രദേശത്തിന്റെയും വികസനത്തിനും വളർച്ചക്കും പുരോഗതിക്കും ഇതു കാരണമായി. കേരള പഞ്ചായത്തു രാജ് നിയമം പ്രാബല്യത്തിലായതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും പദവിയും ലഭിച്ചു. ജില്ലകളുടെയും താലൂക്കുകളുടെയും ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും വില്ലേജുകളുടെയും എണ്ണം അടിസ്ഥാനമാക്കി വിഭവങ്ങൾ വീതിക്കുമ്പോൾ ജനസംഖ്യാടിസ്ഥാനത്തിലും ഭൂവിസ്തൃതി അനുസരിച്ചും പുനരേകീകരണം നടക്കാതിരുന്നാൽ പല പ്രദേശങ്ങളും ജനാധിപത്യ ഭരണത്തിൽ തന്നെ പിന്നാക്കമായിത്തീരും. കോവിഡ്കാല പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വർത്തമാന സംഭവങ്ങൾ അതിന് മികച്ച ഉദാഹരണമാണ്.

''കേരളത്തിലെ പൊതുസമൂഹവുമായി ഏറ്റവും അടു

ത്ത് ഇടപഴകുന്നതും അവരുടെ ക്ഷേമ, ദുരിത നിവാരണ പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ഇതര വകുപ്പുകളേക്കാളും നേരിട്ട് ബന്ധപ്പെടുന്നതും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നതും ആയ വകുപ്പുകളിൽ ഒന്നാണ് റവന്യൂ വകുപ്പ്. 19000 ജീവനക്കാർ ജോലി നോക്കുന്ന സർക്കാരിന്റെ അതിബൃഹത്തായ ഒരു വകുപ്പാണ് റവന്യൂ. വിവിധ വകുപ്പുകളുടെ മാതാവ് എന്ന വിശേഷണവും റവന്യൂവകുപ്പ് സ്വന്തമാക്കിയിട്ടുണ്ട്. ഭൂ നികുതിയും ഇതര നികുതി പിരിവുകളും, ഭൂ സംരക്ഷണം, പ്രകൃതി വിഭവ പരിപാലനം, കനേഷുമാരി, തെരഞ്ഞെടുപ്പ്, പ്രകൃതിക്ഷോഭം, ദുരിതാശ്വാസം, വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ, പൊതുജന പരാതി പരിഹാരം, ക്രമസമാധാനപാലനം എന്നിങ്ങനെ എണ്ണമറ്റതും പൊതുജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ അത്യന്താപേക്ഷിതവുമായ നിരവധി ചുമതലകളും കർത്തവ്യങ്ങളുമാണ് ഇന്ന് റവന്യൂവകുപ്പിൽ അർപ്പിതമായിട്ടുള്ളത്. പൊതുജനസൗഹൃദപരവും ഉത്തരവാദിത്തപൂർണവുമായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെയും സമൂഹത്തിന്റെയും ക്ഷേമൈശ്വര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയെന്നതാണ് റവന്യൂവകുപ്പിന്റെ പരമപ്രധാനമായ ദൗത്യം'' - ലാന്റ് റവന്യൂ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ ആമുഖത്തിലെ വാചകങ്ങളാണിത്. ഈ ഉത്തരവാദിത്തങ്ങളും കടമകളും നിർവഹിക്കുന്നതിനും പൊതുജനത്തിന് അവകാശപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും റവന്യൂവകുപ്പിൽ സ്ഥാപനങ്ങളുടെ അപര്യാപ്തത കാരണം മലബാർ മേഖലയിൽ കാലതാമസം ഉണ്ടാകുന്നുണ്ട്.

ഭൂവിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ തുടങ്ങി അനേകം കാര്യങ്ങളിൽ ഏറെ വ്യത്യാസം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. താലൂക്ക്, വില്ലേജ് വിഭജനത്തിന്റെ കാര്യത്തിൽ മലബാർ മേഖലയിൽ ഏറെ പോരായ്മകളുണ്ട്. മലബാറിലെ പല താലൂക്ക് ഓഫീസുകളിലും എത്തിച്ചേരാൻ മണിക്കൂറുകൾ യാത്രചെയ്യണം. കൂടാതെ താലൂക്ക് ഓഫീസുകളിലെയും വില്ലേജ് ഓഫീസുകളിലെയും സേവനലഭ്യതക്ക് മണിക്കൂറുകളോളം കാത്തുനിൽക്കുകയും പലതവണ കയറിയിറങ്ങുകയും ചെയ്യേണ്ട അവസ്ഥയാണുള്ളത്.

**2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യ**

| ജില്ല | ജനസംഖ്യ (2011) |
|---|---|
| തിരുവനന്തപുരം | 3307284 |
| കൊല്ലം | 2629703 |
| പത്തനംതിട്ട | 1195537 |
| ആലപ്പുഴ | 2121943 |
| കോട്ടയം | 1979384 |
| ഇടുക്കി | 1107453 |
| എറണാകുളം | 3279860 |
| തൃശൂർ | 3110327 |
| പാലക്കാട് | 2810892 |
| മലപ്പുറം | 4110956 |
| കോഴിക്കോട് | 3089543 |
| വയനാട് | 816558 |
| കണ്ണൂർ | 2525637 |
| കാസർകോട് | 1302600 |
| **ആകെ** | **33387677** |

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ 3,33,87,677 ജനങ്ങളിൽ 1,46,56,186 പേർ ജീവിക്കുന്നത് പാലക്കാട് മുതൽ കാസർകോട് വരെയുള്ള ആറു ജില്ലകളിലായിട്ടാണ്. കേരള ജനസംഖ്യയുടെ 44 ശതമാനമാണ് ഇത്. പ്രവാസികളെ കൂടി ഉൾപ്പെടുത്തിയാൽ ഇത് ഇനിയും വർധിക്കും. 2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ തിരുകൊച്ചിയേക്കാൾ (തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകൾ) 2 ശതമാനം വർധനവാണ് മലബാറിലുള്ളത്. 2001-ൽ കേരള ജനസംഖ്യയുടെ 42 ശതമാനമാണ് മലബാറിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 44 ശതമാനം ആണ്. 41,10,956 പേർ അധിവസിക്കുന്ന മലപ്പുറം ജില്ലയാണ് ജനസംഖ്യയിൽ ഒന്നാമത്.

നിലവിൽ 14 ജില്ലകളാണ് കേരളത്തിലുള്ളത്. ഓരോ ജില്ലയിലും റവന്യൂ ഭരണത്തിന്റെ തലവൻ ജില്ലാ കലക്ടറാണ്. മജിസ്റ്റീരിയൽ അധികാരങ്ങൾ കൂടി നിർവഹിക്കേണ്ടതുകൊണ്ട് ജില്ലാ കലക്ടർ ജില്ലാ മജിസ്ട്രേറ്റ് കൂടിയാണ്. ജില്ലകളിൽ സർക്കാരിന്റെ പ്രതിനിധിയായി പ്രവർത്തിക്കുന്നത് ജില്ലാ കലക്ടർമാരാണ്. മലപ്പുറത്തെ കലക്ടർക്ക് 41 ലക്ഷം ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തി

മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്

പ്രബോധനം

ഐ. എസ്. ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12

Manager: 0495 2730073
Circulation: 0495 2730744
Accounts: 0495 2732888
Whatsapp: 9544060886
(Circulation)

circulationprabodhanam@gmail.com
managerprabodhanamclt@gmail.com
acprabodhanam@gmail.com

വരിസംഖ്യ

2 വർഷം 1200
1 വർഷം 600
6 മാസം 300

Beneficiary:
Prabodhanam Weekly
Federal Bank - Nadakavu Branch
Current A/C No.
13000200015019
IFSC Code: FDRL0001300

ഗൂഗ്ൾ പേ/നെഫ്റ്റ് ചെയ്യുന്നവർ ഏജൻസി കോഡ്/ സബ് നമ്പർ എന്നിവ റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും/ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്. അഡ്രസ്സും ഫോൺ നമ്പറും ട്രാൻസ്ഫർ സ്ക്രീൻ ഷോർട്ടും മെയിൽ/ വാട്ട്സ്ആപ്പ് ചെയ്യേണ്ടതാണ്.

G Pay
PRABODHANAM WEEKLY
8547273767@okbizaxis

+91 8547273767




ക്കേണ്ടിവരുമ്പോൾ ഇടുക്കിയിലെയും പത്തനംതിട്ടയിലെയും കലക്ടർമാർക്ക് 11 ലക്ഷം വീതം ജനങ്ങളുടെയും കാസർകോട് കലക്ടർക്ക് 13 ലക്ഷം ജനങ്ങളുടേയും വയനാട് കലക്ടർക്ക് 8 ലക്ഷം ജനങ്ങളുടെയും ക്ഷേമം മാത്രം ഉറപ്പു വരുത്തിയാൽ മതി. ഈ നാല് ജില്ലകളിലും കൂടി 44 ലക്ഷം ജനങ്ങൾക്ക് നാല് കലക്ടറേറ്റുകളുടെ സേവനം ലഭിക്കുമ്പോൾ മലപ്പുറത്തെ 41 ലക്ഷം ജനങ്ങൾക്ക് ഒരു കലക്ടറുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ നാല് ജില്ലകളുടെ മൊത്തം ഭൂവിസ്തൃതി 8222 ച. കി. മീ. ആണ്. അതേസമയം മലപ്പുറം, പാലക്കാട് ജില്ലകൾ ചേരുമ്പോൾ ഭൂ വൃസ്തൃതി 8030 ച.കി.മീ. ഉണ്ട്. കേരളത്തിലെ ഏറ്റവും വലിയ ജില്ലയും ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയുമാണ് യഥാക്രമം പാലക്കാടും മലപ്പുറവും. കേന്ദ്ര-കേരള സർക്കാരുകൾ ജില്ലാ അടിസ്ഥാനത്തിൽ വിഭവങ്ങൾ വിതരണം ചെയ്യുമ്പോൾ സ്വാഭാവികമായും ഈ മേഖലയിൽ ജനസംഖ്യാനുപാതികമായി ഉള്ള ഗുണം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് പുതിയ ജില്ലകളുടെ രൂപീകരണം സംബന്ധിച്ച ചർച്ചകൾ സജീവമാകുന്നത്

മലപ്പുറം ജില്ല വിഭജിച്ചോ, മലപ്പുറത്തിന്റെ വിവിധ താലൂക്കുകളും സമീപ ജില്ലകളിലെ ചില പ്രദേശങ്ങളും ചേർത്തോ പുതിയ ജില്ല രൂപീകരിക്കണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഡ്വ. കെ.എൻ.എ ഖാദർ നിയമസഭയിൽ ഉന്നയിച്ചിരുന്നു. ജില്ലയിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മതസംഘടനകൾ ഏറെക്കാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ് ഈ ആവശ്യം. 2010-'15 കാലയളവിലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി മലപ്പുറം വിഭജിച്ച് പുതിയ ജില്ല രൂപവത്കരിക്കണം എന്ന പ്രമേയം അവതരിപ്പിച്ചിരുന്നു. പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിലെ വിവിധ പ്രദേശങ്ങൾ ചേർത്ത് വള്ളുവനാട് ജില്ല രൂപീകരിക്കണമെന്ന് 2007-ൽ നിയമസഭാ സമ്മേളനത്തിൽ സി.പി മുഹമ്മദും ആവശ്യപ്പെട്ടിരുന്നു. വിഷയത്തെ വർഗീയവൽക്കരിക്കാൻ ഫാഷിസ്റ്റ് കേന്ദ്രങ്ങൾ നടത്തുന്ന ശ്രമങ്ങൾക്ക് ശക്തിപകരുന്നതിനു പകരം വിഷയത്തെക്കുറിച്ച് ഗഹനമായ പഠനങ്ങൾക്ക് ശ്രമിക്കുകയാണ് ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികൾ ചെയ്യേണ്ടത്.

കേരളത്തിൽ 20 ലോക്സഭാ മണ്ഡലങ്ങളും 14 ജില്ലകളുമാണുള്ളത്. എന്നാൽ, 25 ലോക്സഭാ മണ്ഡലങ്ങളുള്ള രാജസ്ഥാനിൽ 33 ജില്ലകളും 28 ലോക്സഭാ മണ്ഡലങ്ങളുള്ള മധ്യപ്രദേശിൽ 50 ജില്ലകളും ഉണ്ട്. ഹരിയാനയിൽ ഇത് യഥാക്രമം 10-ഉം 21-ഉം ആണെങ്കിൽ അസമിൽ 14-ഉം 27-ഉം ആണ്. നമ്മുടെ അയൽ സംസ്ഥാനമായ കർണാടകയിൽ 28 ലോക്സഭാ മണ്ഡലങ്ങളും 30 ജില്ലകളും ആണുള്ളത്. ഒഡീഷയിൽ ഇത് യഥാക്രമം 21, 30 ആണ്. ബിഹാറിൽ 40 ലോക്സഭാ മണ്ഡലങ്ങളും 38 ജില്ലകളുമാണുള്ളതെങ്കിൽ ഉത്തർപ്രദേശിൽ യഥാക്രമം 80-ഉം 71-ഉം ആണ്.

1957-ൽ ജില്ലകൾ പുനഃസംഘടിപ്പിച്ച ശേഷം കേരളത്തിലെ എല്ലാ ജില്ലകളും വിഭജിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴക്കും പത്തനംതിട്ടക്കും വേണ്ടി കൊല്ലം രണ്ട് തവണ വിഭജിച്ചു. ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളുടെ രൂപീകരണത്തിനായി കോട്ടയം മൂന്ന് തവണയാണ് വിഭജിച്ചത്. മലപ്പുറം, വയനാട് ജില്ലകൾക്കു വേണ്ടി കോഴിക്കോടും വയനാട്, കാസർകോട് ജില്ലകൾക്ക് വേണ്ടി കണ്ണൂരും രണ്ടു തവണ വിഭജിച്ചിട്ടുണ്ട്. പാലക്കാട്, തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളും ഓരോ തവണ വിഭജിക്കപ്പെട്ടു. മലപ്പുറം ജില്ലക്കു ശേഷം രൂപംകൊണ്ട ഇടുക്കി ജില്ല പോലും വിഭജിക്കപ്പെട്ടിട്ടുണ്ട്. പഴയ ജില്ലകളിൽ വിഭജനം നടക്കാത്തത് തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ മാത്രമാണ്. തിരുവനന്തപുരത്തിന് തലസ്ഥാനം സ്ഥിതിചെയ്യുന്ന ജില്ല എന്ന നിലയിൽ എല്ലാ പരിഗണനയും ലഭിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ അത്

●● Matrimonial

പ്രസ്ഥാന കുടുംബത്തിലെ കാഴ്ച ശേഷിയില്ലാത്ത യുവാവ് (24/170 cm). അലീഗഢിൽനിന്ന് അറബിയിൽ പി.ജി. സാമ്പത്തിക ശേഷി. മലപ്പുറം ജില്ല. ദീനീതൽപരരായ മലപ്പുറം/സമീപ ജില്ലക്കാരായ ഭിന്നശേഷിക്കാരല്ലാത്ത യുവതികളുടെ ആലോചനകൾ ക്ഷണിക്കുന്നു.

**9961501200, 9447882998**

Muslim Girl 24/153 cm. Thrissur Dt., MBBS. Pursuing House Surgency after MBBS. Preferably Medical/Eng. Professionals from Deeni family, Thrissur & Nearby districts.

**9539343937**
**0097466414101**

വിഭജിക്കണമെന്ന ആവശ്യം ഉയരാനേയിടയില്ല. മലബാർ മേഖലയിൽ പുതുതായി 3 ജില്ലകളെങ്കിലും രൂപീകരിക്കേണ്ടതാണ്.

മലപ്പുറത്തേക്കാൾ വിഭവശേഷിയുള്ള, എന്നാൽ ജനസംഖ്യയിലും ഭൂവിസ്തൃതിയിലും (കേരളത്തിലെ ജനസംഖ്യയിൽ മൂന്നാമതും ഭൂവിസ്തൃതിയിൽ എട്ടാമതും) മലപ്പുറത്തേക്കാൾ പിന്നിലുമായ എറണാകുളം ജില്ലയുടെ വിഭജനമാണ് ഏറെക്കാലമായി കേരള സർക്കാറുകളുടെ മുന്നിലുള്ള ഏക പദ്ധതി. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഒരിക്കൽ അത് പരസ്യമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിലും മൂവാറ്റുപുഴ ജില്ല വാഗ്ദാനം ആവർത്തിച്ചു. ഏത് സൂചികകൾ പ്രകാരം അളന്നാലും കേരളത്തിൽ ആദ്യം വിഭജിക്കേണ്ടത് മലപ്പുറമാണെന്ന് പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. എന്നിട്ടും കേരളത്തിൽ അധികാരത്തിലെത്തുന്നവരുടെ പരിഗണനാ വിഷയമായി മലപ്പുറം മാറുന്നില്ല. ജനസംഖ്യാനുപാതികമായി വിഭവവിതരണം സാധ്യമാകണമെങ്കിൽ മലപ്പുറത്തെ വിഭജിച്ച് പുതിയൊരു ജില്ല രൂപവത്കരിച്ചേ മതിയാവൂ.

**ഭൂവിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ തുടങ്ങി അനേകം കാര്യങ്ങളിൽ ഏറെ വ്യത്യാസം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. താലൂക്ക്, വില്ലേജ് വിഭജനത്തിന്റെ കാര്യത്തിൽ മലബാർ മേഖലയിൽ ഏറെ പോരായ്മകളുണ്ട്. മലബാറിലെ പല താലൂക്ക് ഓഫീസുകളിലും എത്തിച്ചേരാൻ മണിക്കൂറുകൾ യാത്രചെയ്യണം. കൂടാതെ താലൂക്ക് ഓഫീസുകളിലെയും വില്ലേജ് ഓഫീസുകളിലെയും സേവനലഭ്യതക്ക് മണിക്കൂറുകളോളം കാത്തുനിൽക്കുകയും പലതവണ കയറിയിറങ്ങുകയും ചെയ്യേണ്ട അവസ്ഥയാണുള്ളത്.**

ഏറെ പിന്നാക്കം നിൽക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ജില്ലയായ പാലക്കാടിന്റെ വിവിധ പ്രദേശങ്ങളും ഭൂവിസ്തൃതിയിലും ജനസംഖ്യയിലും നാലാമതായ തൃശൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളും ചേർത്ത് പുതിയൊരു ജില്ലയുടെ സാധ്യതകൂടി പഠനവിധേയമാക്കണം. വടകര കേന്ദ്രീകരിച്ച് കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധ പ്രദേശങ്ങൾ ചേർത്ത് പുതിയ ജില്ലക്കുള്ള ആവശ്യവും ഉയർന്നിട്ടുണ്ട്.

റവന്യൂ വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഇടമാണ് താലൂക്ക്. തഹസിൽദാർ ആണ് താലൂക്ക് ഭരണത്തിന്റെ തലവൻ. വില്ലേജുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും എക്സിക്യൂട്ടീവ് മജിസ്റ്റീരിയൽ കർത്തവ്യങ്ങളുടെ നിർവഹണവുമാണ് താലൂക്ക് തലങ്ങളിൽ നടക്കുന്നത്. ഭരണപരമായ 28 വിഷയങ്ങളുടെ ചുമതലകൾ വഹിക്കുന്നത് തഹസിൽദാർമാർ ആണ്. ഭൂരേഖകളുടെ പരിപാലനത്തിനായി (ലാന്റ് റെക്കോർഡ് മെയിന്റനൻസ്) അഡീഷണൽ തഹസിൽദാരുടെ മേൽനോട്ടത്തിൽ താലൂക്ക് സർവേ വിഭാഗവും പ്രവർത്തിക്കുന്നു. താലൂക്ക് ഓഫീസുകളുടെയും സംവിധാനങ്ങളുടെയും കാര്യത്തിലും മലബാർ മേഖല പിന്നാക്കം തന്നെയാണ്. 77 താലൂക്കുകളാണ് കേരളത്തിലുള്ളത്. ഇതിൽ 48 എണ്ണവും തിരുകൊച്ചി മേഖലയിലാണ്. 29 എണ്ണമാണ് മലബാറിലുള്ളത്. അതിൽ തന്നെ ഏറെ നാളത്തെ മുറവിളിക്കു ശേഷം രൂപീകൃതമായതാണ് 2013-ൽ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് (കാസർകോട്), ഇരിട്ടി (കണ്ണൂർ), താമരശ്ശേരി (കോഴിക്കോട്), കൊണ്ടോട്ടി (മലപ്പുറം), പട്ടാമ്പി (പാലക്കാട്), 2018-ൽ പയ്യന്നൂർ (കണ്ണൂർ), 2021-ൽ അട്ടപ്പാടി ട്രൈബൽ താലൂക്ക് (പാലക്കാട്) എന്നീ താലൂക്കുകൾ.

**കേരളത്തിലെ താലൂക്കുകൾ, വില്ലേജുകൾ (ജനസംഖ്യ)**

| ജില്ല | താലൂക്കുകളുടെ എണ്ണം | ശരാശരി ജനസംഖ്യ | വില്ലേജുകളുടെ എണ്ണം | ശരാശരി ജനസംഖ്യ |
|---|---|---|---|---|
| തിരുവനന്തപുരം | 6 | 5,51,214 | 124 | 26,672 |
| കൊല്ലം | 6 | 4,38,284 | 105 | 25,045 |
| പത്തനംതിട്ട | 6 | 1,99,256 | 70 | 17,079 |
| ആലപ്പുഴ | 6 | 3,53,657 | 93 | 22,817 |
| കോട്ടയം | 5 | 3,95,877 | 100 | 19,794 |
| ഇടുക്കി | 5 | 2,21,491 | 68 | 16,286 |
| എറണാകുളം | 7 | 4,68,551 | 127 | 25,826 |
| തൃശൂർ | 7 | 4,44,332 | 255 | 12,197 |
| **തിരു-കൊച്ചി** | **48** | **3,90,239** | **942** | **19,885** |
| പാലക്കാട് | 6 | 4,68,482 | 157 | 17,904 |
| മലപ്പുറം | 7 | 5,87,279 | 138 | 29,790 |
| കോഴിക്കോട് | 4 | 7,72,386 | 118 | 26,182 |
| വയനാട് | 3 | 2,72,186 | 49 | 16,664 |
| കണ്ണൂർ | 5 | 5,04,527 | 132 | 19,111 |
| കാസർകോട് | 4 | 3,25,650 | 128 | 10,177 |
| **മലബാർ** | **29** | **5,05,386** | **722** | **20,300** |
| **ആകെ** | **77** | **4,33,606** | **1,664** | **20,077** |

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ ജനസംഖ്യ 1,34,219-ഉം ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ജനസംഖ്യ 1,93,007-ഉം ആണ്. എന്നാൽ കോഴിക്കോട് താലൂക്കിലെ ജനസംഖ്യ 13,54,107 ആകുന്നു. വയനാട്, കാസർകോട്, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലെ ജനസംഖ്യയേക്കാൾ കൂടുതലാണ് കോഴിക്കോട് താലൂക്കിലെ ജനസംഖ്യ! മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ജനസംഖ്യ 9,28,672 ആണ്. വയനാട് ജില്ലയിലെ ജനസംഖ്യയേക്കാൾ കൂടുതലാണ് ഇത്. കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ 7-ഉം പത്തനാപുരം താലൂക്കിൽ 8-ഉം പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലും, ഇടുക്കി ജില്ലയിലെ ഇടുക്കി താലൂക്കിലും 9 വീതം വില്ലേജുകളാണുള്ളത്. പത്തനംതിട്ട ജില്ലയിലെ താലൂക്ക് ശരാശരി ജനസംഖ്യ 1,99,256-ഉം ഇടുക്കിയിലേത് 2,21,491-ഉം ആലപ്പുഴയിലേത് 3,53,657-ഉം ആണ്. അതേസമയം കണ്ണൂരിലേത് 5,04,527-ഉം മലപ്പുറത്തേത് 5,87,279-ഉം കോഴിക്കോട് ജില്ലയിലേത് 7,72,386-ഉം ആണ്. മലബാർ മേഖലയിലെ ഒരു താലൂക്കിലെ ശരാശരി ജനസംഖ്യ 5,05,386

ആണെങ്കിൽ തിരുകൊച്ചിയിലേത് 3,90,239 ആണ്.

കോഴിക്കോട് ജില്ലയിലെ താലൂക്കുകൾ പുനഃക്രമീകരിച്ച് പേരാമ്പ്ര, കുന്ദമംഗലം എന്നീ താലൂക്കുകൾ രൂപീകരിക്കപ്പെടേണ്ടതാണ്. പേരാമ്പ്ര താലൂക്കിന് ബാബുപോൾ കമീഷനും എം.ജി.കെ മൂർത്തി കമീഷനും ലാന്റ് റവന്യൂ കമീഷണറുടെ പഠന റിപ്പോർട്ടും ശുപാർശ ചെയ്തിട്ടുണ്ട്. ജില്ലാ ആസ്ഥാനമായ മലപ്പുറത്തോട് ചേർന്ന പ്രദേശങ്ങൾ വിവിധ താലൂക്കുകൾക്കു കീഴിൽ വരുന്ന വിചിത്രമായ റവന്യൂഘടനയാണ് ജില്ലക്കുള്ളത്. മലപ്പുറം നഗരത്തോട് ചേർന്ന മേൽമുറി, പാണക്കാട് വില്ലേജുകൾ ഏറനാട് താലൂക്കിലെ ഭാഗമാണ്; മലപ്പുറത്തുനിന്ന് അത്രതന്നെ അകലത്തിലുള്ള കോഡൂർ, കൂട്ടിലങ്ങാടി, കുറുവ എന്നീ വില്ലേജുകൾ പെരിന്തൽമണ്ണ താലൂക്കിലും! ഒതുക്കുങ്ങൽ തിരൂരങ്ങാടിയിലാണെങ്കിൽ പൊന്മള തിരൂർ താലൂക്കിലും! തിരൂർ താലൂക്കിലെ ജനസംഖ്യ 928672-ഉം വില്ലേജുകളുടെ എണ്ണം മുപ്പതും ആണ്. ജില്ലാ ആസ്ഥാനം കേന്ദ്രീകരിച്ച് വിവിധ താലൂക്കുകൾക്കു കീഴിലുള്ള വില്ലേജുകളെ ചേർത്ത് മലപ്പുറം താലൂക്ക് രൂപീകരിക്കപ്പെടണം. തിരൂർ താലൂക്ക് വിഭജിച്ച് വളാഞ്ചേരി താലൂക്കും തിരൂർ, തിരൂരങ്ങാടി താലൂക്കുകളിലെ വിവിധ വില്ലേജുകൾ ചേർത്ത് താനൂർ താലൂക്കും നിലമ്പൂർ, ഏറനാട് താലൂക്കുകളിലെ വിവിധ വില്ലേജുകൾ ചേർത്ത് വണ്ടൂർ താലൂക്കും രൂപീകരിക്കണം. വയനാടിന്റെ പിന്നാക്കാവസ്ഥ പരിഗണിച്ച് ജില്ലയിലെ താലൂക്കുകൾ പുനഃക്രമീകരിച്ച് കണിയാമ്പറ്റ കേന്ദ്രമായി മധ്യവയനാട് താലൂക്കും രൂപീകരിക്കപ്പെടണം. മുപ്പത് വീതം വില്ലേജുകളാണ് പാലക്കാട്, ചിറ്റൂർ, ആലത്തൂർ താലൂക്കുകളിൽ ഉള്ളത്. പ്രസ്തുത താലൂക്കുകൾ പുനഃക്രമീകരിച്ച് പുതിയ ഒരു താലൂക്ക് കൂടി രൂപീകരിക്കണം. ശരാശരി 5,04,527 ജനസംഖ്യയുള്ള കണ്ണൂർ ജില്ലയിലെ താലൂക്കുകൾ പുനഃക്രമീകരിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതുണ്ട്.

റവന്യൂ ഭരണത്തിന്റെ അടിസ്ഥാനഘടകം വില്ലേജുകളാണ്. വില്ലേജ് ഓഫീസർ വില്ലേജ് ഭരണത്തിന്റെ തലവനും, സർക്കാരിന്റെ പ്രതിനിധിയുമാണ്. സംസ്ഥാന ഭരണത്തിൽ ഏറ്റവും താഴെതട്ടിലുള്ള ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ സംവിധാനം കൂടിയാണ് വില്ലേജുകൾ. ഗ്രൂപ്പ് വില്ലേജുകളടക്കം സംസ്ഥാനത്താകെ 1664 വില്ലേജുകളാണുള്ളത്. സർക്കാർ ഭൂമി, വൃക്ഷങ്ങൾ, ധാതുക്കൾ എന്നിവ സംരക്ഷിക്കുന്നതും വിവിധയിനം സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതും വില്ലേജ് ഓഫീസറുടെ ചുമതലയാണ്. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും പ്രകൃതിക്ഷോഭം, സാംക്രമിക രോഗങ്ങൾ, അഗ്നിബാധ തുടങ്ങിയ അനിഷ്ട സംഭവങ്ങൾ നേരിടുമ്പോൾ നടപടികൾ സ്വീകരിക്കേണ്ടതും വില്ലേജ് ഓഫീസറുടെ ചുമതലയാണ്. സംസ്ഥാനത്തെ നാല് ജില്ലകളിലാണ് ഇപ്പോഴും ഗ്രൂപ്പ് വില്ലേജ് സിസ്റ്റം നിലനിൽക്കുന്നത്. ഔദ്യോഗിക രേഖയനുസരിച്ച് രണ്ട് വില്ലേജുകൾ ഉണ്ട്. എന്നാൽ വില്ലേജ് വിഭജനത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. രണ്ട് വില്ലേജുകളും ഒരു ഓഫീസിനു കീഴിലും ഒരേ ജീവനക്കാരുടെ മേൽനോട്ടത്തിലും നടക്കുന്ന സംവിധാനമാണ് ഗ്രൂപ്പ് വില്ലേജുകൾ. തൃശൂരാണ് ഏറ്റവും കൂടുതൽ ഗ്രൂപ്പ് വില്ലേജുകളുള്ള ജില്ല. ഏറ്റവും കൂടുതൽ ഗ്രൂപ്പ് വില്ലേജുകളുള്ള താലൂക്ക് കാസർകോട് ജില്ലയിലെ മഞ്ചേശ്വരമാണ്. 29 ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ 48 വില്ലേജുകളാണ് മഞ്ചേശ്വരം താലൂക്കിലുള്ളത്.

പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിലായി ഏഴ് വില്ലേജുകളും മലപ്പുറം ജില്ലയിൽ 26 വില്ലേജുകളും കോഴിക്കോട് ജില്ലയിൽ 11 വില്ലേജുകളും കണ്ണൂർ ജില്ലയിൽ ഏഴ് വില്ലേജുകളും വയനാട് ജില്ലയിൽ ഒരു പുതിയ വില്ലേജും രൂപീകരിക്കുന്നതിന് വിവിധ കമീഷനുകൾ നേരത്തേ ശിപാർശ ചെയ്തിട്ടുണ്ട്. കാസർകോട് ജില്ലയിലെ ഗ്രൂപ്പ് വില്ലേജ് സിസ്റ്റം ഒഴിവാക്കുന്നതോടൊപ്പം വലിയപറമ്പ് വില്ലേജ് രൂപീകരിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

പഞ്ചായത്തി രാജ് ആക്റ്റ് നടപ്പിലാക്കിയതു മൂലം റവന്യൂ സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്തമായി ഓരോ അഞ്ച് വർഷം കൂടുമ്പോഴും തെരഞ്ഞെടുപ്പ് നടത്തുന്ന സന്ദർഭങ്ങളിൽ (2020 ഒഴികെ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തുള്ള ആറ് കോർപ്പറേഷനുകളിൽ നാല് എണ്ണം തിരുകൊച്ചി മേഖലയിലാണെങ്കിൽ മലബാറിലുള്ളത് രണ്ടെണ്ണമാണ്. ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 384 എണ്ണം മാത്രമാണ് മലബാറിലുള്ളത്. ബ്ലോക്ക് പഞ്ചായത്തുകളിലാകട്ടെ 152 ൽ 61 എണ്ണവും. മുനിസിപ്പാലിറ്റികളുടെ എണ്ണത്തിൽ മാത്രമാണ് മലബാർ-തിരുകൊച്ചി മേഖലകൾ ഒരുപോലെയുള്ളത്. ആകെയുള്ള 87 നഗരസഭകളിൽ 45 എണ്ണം തിരുകൊച്ചിയിലും 42 എണ്ണം മലബാറിലുമുണ്ട്. അതിനാൽ മലബാർ മേഖലയിലെ ജില്ലകളിൽ കൂടുതൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ അനുവദിക്കണം.

**കേരളം: ജില്ലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

| | കേരളം ആകെ | മലബാർ മേഖല | തിരുകൊച്ചി മേഖല |
|---|---|---|---|
| ജില്ലകൾ | 14 | 6 | 8 |
| റവന്യൂ ഡിവിഷനുകൾ | 27 | 11 | 16 |
| താലൂക്കുകൾ | 77 | 29 | 48 |
| വില്ലേജുകൾ | 1664 | 722 | 942 |
| (ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ) | | | |
| കോർപ്പറേഷനുകൾ | 6 | 2 | 4 |
| മുനിസിപ്പാലിറ്റികൾ | 87 | 42 | 45 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 152 | 61 | 91 |
| ഗ്രാമപഞ്ചായത്തുകൾ | 941 | 384 | 557 |

ഒരു നാടിന്റെയും ജനതയുടെയും വികസനം സാധ്യമാക്കുന്നതിന് നമ്മുടെ ഭരണസംവിധാനങ്ങൾ നിർവഹിക്കുന്ന പങ്ക് വലുതാണ്. കഴിഞ്ഞ കാലങ്ങളിൽ മലബാർ മേഖലയുടെ വികസനം മുരടിച്ചതിൽ നിന്നും മോചനം ലഭിക്കണമെങ്കിൽ ഈ പിന്നാക്ക മേഖലയെ സർക്കാർ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. കേരളം കാലാകാലങ്ങളിൽ ഭരിച്ചവർക്ക് മലബാർ മേഖലയെ അർഹമായ അളവിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. ഒരു ജനതയുടെ അവകാശങ്ങൾക്കായുള്ള വഴിദൂരം നമുക്ക് കുറക്കാം. അത് അധികാര കേന്ദ്രങ്ങളും ഭരണസംവിധാനങ്ങളും പുനഃസംഘടിപ്പിച്ചുകൊണ്ടായിരിക്കണം. ഈ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ ഭരണകൂടങ്ങൾ ഇച്ഛാശക്തി കാണിക്കണം. ●